# സംയോജിത ശിശു സംരക്ഷണ പദ്ധതി, കേരളം

## സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി- മെമ്പർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ

**(ഹാജർ: അനുപമ T.V IAS ഡയറക്ടർ വനിതാ ശിശു വികസന വകുപ്പ് )**

വിഷയം: - വനിതാ ശിശു വികസന വകുപ്പ്- ICPS- ഇടുക്കി ജില്ലാ ശിശു സംരക്ഷണ യൂണിറ്റിന് 2019 ഒക്ടോബർ മുതൽ 2021 മാർച്ച് വരെയുള്ള കെട്ടിട വാടക തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:-1.ഇടുക്കി ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ കത്ത് നം:1830/2020/DCPU/IDK തീയതി:24/11/2020

2.ഈ കാര്യാലയത്തിലെ ഉത്തരവ് നമ്പർ ICPS3/009672/15 തീയതി 23/05/2015

***ഉത്തരവ് നമ്പർ- ICPS4(B)/009672 /15 തീയതി: 19/01/2021***

വനിതാ ശിശു വികസന വകുപ്പ് നടപ്പിലാക്കുന്ന സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ ജില്ലാ ഘടകമായ ഇടുക്കി ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് പ്രവർത്തിക്കുന്ന വാടക കെട്ടിടത്തിന് 2019 ഒക്ടോബർ മുതലുള്ള കെട്ടിട വാടക നൽകേണ്ടതുണ്ട്. മേൽ പരാമർശം 2-ന്റെ അടിസ്ഥാനത്തിൽ പ്രതിമാസം 14,500/- രൂപ വാടകയ്ക്ക് ഉപയോഗിച്ചു വരുന്ന കെട്ടിടത്തിന് 2019 ഒക്ടോബർ മുതൽ 2020 മെയ് 14 വരെയുള്ള വാടക തുകയും,2020 മെയ് 15 മുതൽ 2021 ഫെബ്രുവരി വരെയുള്ള പ്രതിമാസ തുകയായ 16,820/- കൂടി ചേർത്ത് ആകെ 2,68,652/- രൂപ അനുവദിക്കണമെന്ന് മേൽ പരാമർശം (1) പ്രകാരം ഇടുക്കി ജില്ലാ ശിശു സംരക്ഷണ ഓഫീസർ അപേക്ഷിച്ചിരിക്കുന്നു.

ഇടുക്കി ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ അപേക്ഷ പരിഗണിച്ച്, ഇടുക്കി ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് പ്രവർത്തിക്കുന്ന വാടക കെട്ടിടത്തിന് 2019 ഒക്ടോബർ മുതൽ 2020 മാർച്ച് വരെയുള്ള 6 മാസത്തേക്ക് പ്രതിമാസം 14,500/- രൂപ നിരക്കിൽ കെട്ടിട വാടക ഇനത്തിൽ ആകെ 87,000/- രൂപ രൂപയും, 2020-21 സാമ്പത്തിക വർഷം ICPS മാർഗ്ഗ നിർദേശപ്രകാരം അനുവദിക്കേണ്ട തുകയായ 1,80,000/- കൂടി ചേർത്ത് ആകെ **2,67,000/-(രണ്ട് ലക്ഷത്തി അറുപത്തി എഴായിരം രൂപ മാത്രം )** അനുവദിച്ച് ഉത്തരവാകുന്നു.

ടി തുക **2,67,000/- (രണ്ട് ലക്ഷത്തി അറുപത്തി എഴായിരം രൂപ മാത്രം )** നടപ്പ് സാമ്പത്തിക വർഷത്തെ ഐ.സി.പി.എസ്-ന്റെ ശീർഷകമായ 2235-02-102-61(P)-34OC-ൽ നിന്നും ഇടുക്കി ജില്ലാ വനിത ശിശു വികസന ആഫീസറുടെ പേരില് അലോട്ട്മെന്റ് ആയി അനുവദിക്കേണ്ടതാണ്. ജില്ലാ വനിത ശിശു വികസന ആഫീസറുടെ തുക ഇടുക്കി ജില്ലാ ശിശു സംരക്ഷണ ഓഫീസർക്ക് അലോട്ട്മെന്റ് ആയി അനുവദിക്കേണ്ടതാണ്.

ജില്ലാ ശിശു സംരക്ഷണ ഓഫീസർ അതാത് മാസങ്ങളിൽ വാടകയുടെ രസീത് ഓഫീസിൽ വാങ്ങി സൂക്ഷിക്കേണ്ടതും, Rs.2,67,000/- രൂപയുടെ രസീത്, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്, എക്സ്പെൻഡിചർ സ്റ്റേറ്റ്മെന്റ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഒപ്പ്)
വനിതാ ശിശു വികസന *ഡയറക്ടർ* &
മെമ്പർ സെക്രട്ടറി SCPS

ജില്ലാ വനിത ശിശു വികസന ആഫീസറുടെ ഇടുക്കി

പകർപ്പ്:
1. ജില്ലാ ശിശു സംരക്ഷണ ഓഫീസർ, ഇടുക്കി
2. സൂപ്രണ്ട് A സെക്ഷൻ (അലോട്ട്മെന്റ് നൽകുന്നതിന് വേണ്ടി)
3. ICPS-4
4. സ്റ്റോക്ക് ഫയൽ
5. വെബ്സൈറ്റ്

OFFICE OF THE INTEGRATED CHILD PROTECTION SCHEME
THIRUVANANTHAPURAM-12
WOMEN & CHILD DEVELOPMENT DEPARTMENT

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്